സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഫോൺ നം: 0471 2317983 ഇ-മെയിൽ : secretarytdbtvm@gmail.com

ദേവസ്വം ബോർഡ് ആഫീസ്
തിരുവനന്തപുരം

ROC No. 12281/12/Est-I 14/11/2022

## സർക്കുലർ

വിഷയം :- ദേവസ്വങ്ങളിലെ വരുമാനം കുറയുന്ന സംഗതി – ഓരോ ദേവസ്വങ്ങളിലേയും വരുമാനം പ്രത്യേകം രേഖപ്പെടുത്തി പരിശോധിച്ച് യഥാസമയം നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന :- 29-03-2013 ലെ മേൽ നമ്പർ സർക്കുലർ.

ഇന്റേണൽ ആഡിറ്റ് വിഭാഗം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലെ ദേവസ്വങ്ങളിലെ വരുമാനം പ്രത്യേകം എടുത്ത് പരിശോധിച്ചതിൽ പല കീഴുട് ദേവസ്വങ്ങളിലും വരുമാനത്തിൽ ആനുപാതിക വർദ്ധനവ് ഇല്ല എന്നുമാത്രമല്ല കാര്യമായ കുറവും സംഭവിച്ചുവരുന്നതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ദേവസ്വങ്ങളിലെ വരുമാന ചോർച്ച ഒഴിവാക്കുന്നതിനുളള നിർദ്ദേശങ്ങൾ ഉൾക്കൊളളിച്ച് ബോർഡിൽ നിന്നും സൂചന പ്രകാരം സർക്കുലർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ടി സർക്കുലറിലെ ചില നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ലെന്നുളള വസ്തുത ബോർഡിന്റെ ശ്രദ്ധയിൽപെട്ടിട്ടുളളതാണ്.

ആയത് ചുവടെ ചേർക്കുന്നു.

"ഓരോ ദേവസ്വങ്ങളിലേയും വരുമാനം നിരന്തരം പരിശോധിച്ച് വരുമാന ചോർച്ച ഇല്ലാതാക്കുന്നതിനും വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനും ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സബ്ഗ്രൂപ്പ് ആഫീസർ, ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ജൂനിയർ സൂപ്രണ്ട് എന്നിവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഏതെങ്കിലും ദേവസ്വം വരുമാനത്തിൽ ആനുപാതിക വർദ്ധനവ് ഇല്ലാതിരിക്കുകയോ കുറവ് സംഭവിക്കുകയൊ ചെയ്താൽ ആയത് സംബന്ധിച്ച വിശദവിവരം മേലാഫീസിലേയ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്ത് നടപടി സ്വീകരിച്ചിരിക്കേണ്ടതാണ്."

(മറുപുറം)

"അഡ്മിനിസ്ട്രേറ്റിവ് ആഫീസർ/സബ്ഗ്രൂപ്പ് ആഫീസറുടെ കൃത്യവിലോപം,/അശ്രദ്ധ കാരണം ദേവസ്വത്തിലെ വരവിൽ ആനുപാതിക വർദ്ധനവ് ഇല്ലാതിരിക്കുകയോ കുറവ് സംഭവിക്കുകയോ ചെയ്താൽ അപ്രകാരമുള്ള നഷ്ടം തിട്ടപ്പെടുത്തി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിന് പുറമെ വീഴ്ചക്കാരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിക്കുന്നതിനും ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു"

പ്രസ്തുത സർക്കുലറിലെ നിർദ്ദേശപ്രകാരം ഓരോ ദേവസ്വങ്ങളിലേയും വരുമാനം പ്രത്യേകം പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ എല്ലാ മാസവും ബന്ധപ്പെട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്ക് അയക്കേണ്ടതും ആയത് വ്യക്തമായ ശുപാർശകളോടെ ബന്ധപ്പെട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ ദേവസ്വം കമ്മീഷണർക്ക് അയയ്ക്കേണ്ടതുമാണ്. ദേവസ്വം കമ്മീഷണർ ടി റിപ്പോർട്ടുകൾ പരിശോധിച്ച് ശുപാശയോടൊപ്പം ബോർഡ് മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

വരുമാന ചോർച്ച തടയുക എന്ന ഉദ്ദേശത്തോടെ കാലാകാലങ്ങളിൽ ബോർഡ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കപ്പെടുന്നില്ല എന്നത് ഗുരുതരമായ അച്ചടക്ക ലംഘനമാണ്.

ആകയാൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതായിരിക്കും.

Gayathridevi

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി

SK